# കേരള നിയമസഭ
# ഒൻമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2790 20.06.2013 ലെ മറുപടിക്ക്

## മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ കൈവശ ഭൂമിക്ക് പട്ടയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ എത്രകുടുംബങ്ങൾക്കാണ് തങ്ങളുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) | മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് റിസർവ്വ് ഫോറസ്റ്റിൽപ്പെട്ട 01.01.1977 ന് മുൻമ്പ് വനഭൂമി കൈയേറിയ 401 പേർക്ക് പട്ടയം ലഭിക്കാനുണ്ട്. |
| (ബി) | 2001 ൽ സംയുക്ത പരിശോധന നടത്തി റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടും, 60 ഉം 70 ഉം വർഷമായി ഇവിടെ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് ഇനിയും പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ അനുമതി ലഭ്യമായിട്ടില്ല. |
| (സി) | സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുടെയും സ്ഥലത്തെ കൈവശക്കാരുടെയും വിവരങ്ങൾ ഒത്തു നോക്കുന്നതിനും, ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും 2001 മുതൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; എത്ര പേരടങ്ങുന്ന ടീമിനെയാണ് 401 പേരുടെ കൈവശഭൂമി അളക്കുന്നതിനും, വിശദാംശങ്ങൾ ഒത്തു നോക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (സി) | 401 പേർക്ക് ഭൂമി അളന്ന് കൈവശരേഖ നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം കേസുകളിൽ അടിയന്തര തീർപ്പുകല്പിക്കാനായി പ്രത്യേക ഉദ്യോഗസ്ഥ ടീമിനെ നിയമിക്കുകയും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | | പത്തനംതിട്ട ജില്ലയിൽ 01.01.1977 ന് മുമ്പ് വനഭൂമിയിൽ കുടിയേറ്റക്കാർക്ക് 1993 ലെ ഭൂപതിവ് ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് പട്ടയം നൽകുന്നതിനായി റാന്നി കേന്ദ്രമാക്കി ഒരു പ്രത്യേക ഭൂമി പതിവ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ